01
2026
ഒക്ടോബർ
വ്യാഴം
കന്നി 15

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 182 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-182 | പേജ് 4. വില 2.00 രൂപ

02 വിമാനത്തിൽ ആക്രമണം; ഭീകരാക്രമണ ശ്രമമാണോയെന്ന് സംശയം
03 ഗവിയിലും സൂര്യനെല്ലിയിലും വർക്കേഷൻ സൗകര്യം ഒരുക്കി സർക്കാർ
04 സ്വത്തുതർക്കം; വയോധികയുടെ ദേഹത്ത് തിളച്ച വെള്ളം ഒഴിച്ച ചെറുമകൾ പിടിയിൽ

# വഖഫ് ബോർഡ് പുനഃസംഘടന; രണ്ടാഴ്ചയ്ക്കകം പൂർത്തിയാക്കും

കൊച്ചി: സംസ്ഥാന വഖഫ് ബോർഡ് പുനഃസംഘടനയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ഹൈക്കോടതിയിൽ സമയം നീട്ടി ചോദിച്ച് സംസ്ഥാന സർക്കാർ. 1995ലെ വഖഫ് നിയമത്തിലെ സെക്ഷൻ 14(6) പ്രകാരമുള്ള പ്രാതിനിധ്യ നിർണയ പ്രക്രിയ പൂർത്തിയാക്കുന്നതിനായി രണ്ട് ആഴ്ചത്തെ സമയം കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം.മുഹമ്മദ് ഹനീഷ് ഇന്ന് ഹൈക്കോടതിയിൽ അധിക എതിർ സത്യവാങ്മൂലം സമർപ്പിച്ചു. സമയം നീട്ടി നൽകിയ കോടതി, കേസ് നാലാഴ്ച കഴിഞ്ഞ് പരിഗണിക്കും.



'അസംബ്ലി ഓഫ് ക്രിസ്ത്യൻ ട്രസ്റ്റ് സർവീസസ്' നൽകിയ ഹർജിയിലാണ് സർക്കാർ നടപടി. ചീഫ് ജസ്റ്റിസിന്റെ അധ്യക്ഷതയിലുള്ള ഡിവിഷൻ ബെഞ്ചാണ് കേസ് പരിഗണിച്ചത്.

വഖഫ് ബോർഡിന്റെ ഭരണ നിയന്ത്രണത്തിലുള്ള വിവിധ വഖഫുകളുടെ എണ്ണവും മൂല്യവും കണക്കാക്കി ഷിയാ, സുന്നി, അഗാഖാനി, ബോഹ്റ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ തുടങ്ങിയവർക്ക് ബോർഡിൽ അർഹമായ പ്രാതിനിധ്യം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായുള്ള കണക്കെടുപ്പും വിവരശേഖരണവും പൂർത്തിയാക്കിയ ശേഷം മാത്രമേ ബോർഡ് പുനഃസംഘടിപ്പിക്കാനാകൂ എന്ന് സർക്കാർ വ്യക്തമാക്കി. ഷിയാ, ബോറ ഉൾപ്പെടെയുള്ള വിഭാഗങ്ങളെ ബോർഡിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതിനായുള്ള രേഖകൾ വഖഫ് ബോർഡിൽ നിന്ന് സർക്കാർ വാങ്ങുകയും അത് പരിശോധിക്കുകയുമാണ്. വഖഫ് ബോർഡിൻറെ പ്രവർത്തനം സുഗമമാക്കാൻ ഒഴിവുകൾ നികത്തണമെന്ന് കോടതി നിർദേശം നൽകിയിരുന്നു.

വഖഫ് ബോർഡിൻറെ പ്രവർത്തനം സുഗമമാക്കുന്നതിൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സത്യവാംഗ്മൂലം നൽകണമെന്നാണ് അറിയിച്ചിരിക്കുന്നത്. നടപടിക്രമം രണ്ടാഴ്ചയ്ക്കകം പൂർത്തിയാക്കുമെന്നാണ് സർക്കാർ അറിയിക്കുന്നത്.

# പൈലറ്റിനെ സഹപൈലറ്റ് കുത്തി; വിമാനത്തിന് എമർജൻസി ലാൻഡിംഗ്

ദുബായി: കോക്പിറ്റിലുണ്ടായ സംഘർഷത്തെ തുടർന്ന് ദുബായിൽ നിന്ന് ടെൽ അവീവിലേക്ക് പറന്ന ഫ്ലൈദുബായ് വിമാനം അടിയന്തരമായി സൗദിയിൽ ഇറക്കി. പൈലറ്റുമാർ തമ്മിലുണ്ടായ തർക്കത്തിനിടെ ഒരാൾക്ക് കുത്തേറ്റതായും വിമാനം നിയന്ത്രണം നഷ്ടപ്പെട്ട് കുത്തനെ താഴേക്ക് പതിച്ചതായും റിപ്പോർട്ടുകളുണ്ട്.

ഫ്ലൈദുബായ് എഫ്സെഡ് 1073 വിമാനത്തിൽ 27 കുട്ടികളടക്കം 174 യാത്രക്കാരാണ് ഉണ്ടായിരുന്നത്. യാത്രക്കാരിലേറെയും ഇസ്രയേൽ പൗരന്മാരായിരുന്നു. പറന്നുയർന്ന് ഏകദേശം രണ്ടര മണിക്കൂറിന് ശേഷമാണ് സംഭവമുണ്ടായതെന്ന് അധികൃതർ വ്യക്തമാക്കി. പൈലറ്റ് സഹായത്തിനായി നിലവിളിക്കുന്നത് കേട്ടതായി വിമാനത്തിലുണ്ടായിരുന്ന ഒരു യാത്രക്കാരി പറഞ്ഞു.

പൈലറ്റുമാർ തമ്മിലുണ്ടായ സംഘർഷത്തെ തുടർന്ന് വിമാനത്തിൻറെ നിയന്ത്രണം നഷ്ടപ്പെട്ട് വിമാനം ഏകദേശം 14,125 അടി ഉയരത്തിലേക്ക് കുത്തനെ താഴ്ന്നതായാണ് റിപ്പോർട്ടുകൾ. ഇതോടെ യാത്രക്കാർ പരിഭ്രാന്തരായി. യുഎഇ സ്വദേശിയായ പ്രധാന പൈലറ്റിനെയാണ് ഒമാൻ സ്വദേശിയായ സഹപൈലറ്റ് ആക്രമിച്ചതെന്നാണ് റിപ്പോർട്ടുകൾ. സഹപൈലറ്റ് വിമാനത്തിൻറെ നിയന്ത്രണം ഏറ്റെടുക്കാൻ ശ്രമിച്ചുവെന്നും റിപ്പോർട്ടുകളുണ്ട്.

തുടർന്ന് വിമാനം സൗദി അറേബ്യയിലെ തബൂക്കിൽ സുരക്ഷിതമായി ലാൻഡ് ചെയ്തു. എന്നാൽ സംഭവത്തിൻറെ വിശദാംശങ്ങൾ സൗദി അധികൃതരോ ഫ്ലൈദുബായ് അധികൃതരോ ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല. വിമാനത്തിലെ പൈലറ്റുമാർ തമ്മിലുണ്ടായ തർക്കമാണ് സംഭവത്തിന് കാരണമെന്ന റിപ്പോർട്ടുകൾ.

# കൊല്ലം സുധിയുടെ അപകടമരണം: 1.77 കോടി രൂപ നഷ്ടപരിഹാരം വിധിച്ച് കോടതി



കൊച്ചി: നടനും മിമിക്രി ആർട്ടിസ്റ്റുമായ കൊല്ലം സുധിയുടെ അപകട മരണത്തിൽ അവകാശികൾക്ക് 1.77 കോടി രൂപ നഷ്ടപരിഹാരം നൽകാൻ കോടതി ഉത്തരവിട്ടു. കോട്ടയം എംഎസിടി ജഡ്ജി പ്രസൂൺ മോഹൻ ആണ് നഷ്ടപരിഹാരം നൽകാൻ ഉത്തരവിട്ടത്.

കേസിലെ മൂന്നാം എതിർകക്ഷിയായ ന്യൂ ഇന്ത്യ അഷ്വറൻസ് ആണ് തുക കെട്ടിവയ്ക്കേണ്ടത്. വിധിത്തുകയും പലിശയും കോടതി ചെലവും ഉൾപ്പെടെയാണ് 1.77 കോടി രൂപ നഷ്ടപരിഹാരമായി വിധിച്ചത്. ഹർജിക്കാർക്കുവേണ്ടി അഡ്വ. എ. ആർ. കലേഷ് കുമാർ, ഹർഷാന കെ. എസ്. എന്നിവർ ഹാജരായി.

2023 ജൂൺ 5ന് തൃശൂർ കയ്പമംഗലത്ത് ഉണ്ടായ അപകടത്തിലാണ് കൊല്ലം സുധി മരിച്ചത്. കോഴിക്കോട് വടകരയിൽ നിന്ന് പ്രോഗ്രാം കഴിഞ്ഞ് മടങ്ങുന്നതിനിടെ പുലർച്ചെയാണ് ഇവർ സഞ്ചരിച്ചിരുന്ന കാർ എതിർദിശയിൽ നിന്നെത്തിയ പിക്കപ്പ് വാനുമായി കൂട്ടിയിടിച്ചത്. അപകടത്തിൽ ഒപ്പമുണ്ടായിരുന്ന നടൻ ബിനു അടിമാലി, ഉല്ലാസ് അരൂർ, മഹേഷ് പുത്തൻകുരിശ് എന്നിവർക്കും പരുക്കേറ്റിരുന്നു.





മുതിർന്ന പൗരരുടെ വാക്കത്തോൺ, സൈക്കിൾ റാലി മുഖ്യമന്ത്രി വി ഡി സതീശൻ ഫ്ലാഗ് ഓഫ് ചെയ്യുന്നു.

# വയോജന സംരക്ഷണത്തിന് നിയമം കൊണ്ടുവരും: മുഖ്യമന്ത്രി

### മുതിർന്ന പൗരരുടെ വാക്കത്തോണും സൈക്കിൾ റാലിയും മുഖ്യമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു

ലോകത്ത് തന്നെ ആദ്യമായി വയോജനങ്ങൾക്ക് നിയമപരിരക്ഷ ഉറപ്പാക്കുന്നതിനായി സമഗ്രമായ നിയമനിർമാണം നടത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. അന്താരാഷ്ട്ര വയോജന ദിനാഘോഷത്തിന്റെ പ്രചാരണാർഥമുള്ള വിളംബര ജാഥ തിരുവനന്തപുരം കവടിയാർ വിവേകാനന്ദ പാർക്കിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ആരും അന്വേഷിക്കാനില്ലാത്ത ഒരാളും ഇനി കേരളത്തിൽ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇതിനായി പുതിയ തലമുറയെ കൂടി ഉൾച്ചേർത്ത് പദ്ധതികളും കെയർ ഗീവർ കോഴ്സുകളും ആരംഭിക്കും. ഇന്ത്യയിൽ ആദ്യമായി മുതിർന്ന പൗരൻമാർക്കായി വകുപ്പ് സ്ഥാപിച്ചത് കേരളമാണെന്നത് അഭിമാനകരമാണ്. ലോകത്തിന് തന്നെ മാതൃകയാകുന്ന തരത്തിലുള്ള പദ്ധതികൾ ആരംഭിക്കും. മുതിർന്നവർക്കായി ക്ഷേമപദ്ധതികൾ നടപ്പാക്കാൻ വേണ്ടി മാത്രമല്ല. അവരുടെ പരിചയസമ്പത്ത് നാടിന് പ്രയോജനപ്പെടുംവിധം ഉപയോഗിക്കാനാണ് വകുപ്പ് രൂപീകരിച്ചത്. മുതിർന്ന പൗരൻമാർക്ക് വരുമാനം ലഭിക്കുന്നവിധം പദ്ധതികൾ നടപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.

മുതിർന്ന കായികതാരങ്ങൾ, എൻ.എസ്.എസ് വോളന്റിയർമാർ, സ്കൂൾ, കോളജ് വിദ്യാർഥികൾ, പൊതുജനങ്ങൾ എന്നിവർ പങ്കെടുത്ത വാക്കത്തോണും ബൈസൈക്കിൾ റാലിയും മുഖ്യമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. കവടിയാർ കൊട്ടാരം ജംഗ്ഷനിൽ നിന്ന് നിന്നാരംഭിച്ച വാക്കത്തോൺ മാനവീയം വീഥിയിൽ സമാപിച്ചു. തുടർന്ന് മുതിർന്ന പൗരരുടെ തിരുവാതിരകളിയും നടന്നു.മുതിർന്ന പൗരരുടെ വകുപ്പ് സെക്രട്ടറി രത്തൻ യു ഖേൽക്കർ, ഡയറക്ടർ ഡോ. അരുൺ എസ് നായർ, ലയൺസ് ക്ലബ് ഡിസ്ട്രിക്ട് ഗവർണർ വി അനിൽകുമാർ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

# വിമാനത്തിൽ ആക്രമണം; ഭീകരാക്രമണ ശ്രമമാണോയെന്ന് സംശയം

ടെൽ അവീവ്: ദുബായിൽ നിന്ന് ടെൽ അവീവിലേക്ക് പുറപ്പെട്ട വിമാനത്തിൽ ഉണ്ടായ അക്രമസംഭവം ഭീകരാക്രമണ ശ്രമമാണോയെന്ന് പരിശോധിച്ച് ഇസ്രയേൽ അധികൃതർ. കോക്പിറ്റിൽ സഹപൈലറ്റ് പ്രധാന പൈലറ്റിനെ കുത്തിപ്പരിക്കേൽപ്പിക്കുകയും വിമാനം തകർക്കാൻ ശ്രമിക്കുകയും ചെയ്തതായാണ് ഇസ്രയേലി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

ഇസ്രയേലി ചാനൽ 12 റിപ്പോർട്ട് പ്രകാരം, ഒമാൻ പൗരനായ സഹപൈലറ്റ് യുഎഇ പൗരനായ ക്യാപ്റ്റനെ കുത്തിപ്പരിക്കേൽപ്പിച്ചതിന് പിന്നാലെയാണ് വിമാനത്തിൽ ഗുരുതരമായ സാഹചര്യമുണ്ടായത്.

വിമാനം ഇടിച്ചിറക്കാൻ സഹപൈലറ്റ് ശ്രമിച്ചതായും റിപ്പോർട്ടിൽ പറയുന്നു. സംഭവത്തെ ഭീകരാക്രമണമായി കാണണമോയെന്ന കാര്യത്തിൽ അന്വേഷണം തുടരുകയാണ്.

കോക്പിറ്റിലുണ്ടായ അക്രമാസക്തമായ സംഭവത്തെ തുടർന്ന് വിമാനം സൗദി അറേബ്യയിലെ തബൂക്ക് വിമാനത്താവളത്തിൽ അടിയന്തരമായി ഇറക്കി. സൗദി അധികൃതർ സഹപൈലറ്റിനെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തുവരികയാണ്. ക്യാപ്റ്റന് പരിക്കേറ്റതിനെ തുടർന്ന് വിമാനത്തിലുണ്ടായിരുന്ന മറ്റ് രണ്ട് പൈലറ്റുമാർ വിമാനം സുരക്ഷിതമായി ലാൻഡ് ചെയ്യാൻ സഹായിച്ചതായാണ് റിപ്പോർട്ടുകൾ.

വിമാനം തബൂക്കിൽ സുരക്ഷിതമായി ഇറങ്ങിയതോടെ യാത്രക്കാർ ആശ്വാസത്തോടെ കൈയടിക്കുന്ന ദൃശ്യങ്ങളും പുറത്തുവന്നു. യാത്രക്കാരെല്ലാം സുരക്ഷിതരാണെന്ന് ഫ്ലൈദുബായ് അധികൃതർ അറിയിച്ചു. എന്നാൽ സംഭവത്തിൻറെ കൂടുതൽ വിശദാംശങ്ങൾ അധികൃതർ പുറത്തുവിട്ടിട്ടില്ല.

# അകമ്പടി വാഹനങ്ങളുടെ എണ്ണം കൂട്ടി; ഡിസിപിയോട് അതൃപ്തി പ്രകടിപ്പിച്ച് വി. ഡി. സതീശൻ

തിരുവനന്തപുരം: ഔദ്യോഗിക യാത്രയ്ക്കിടെ അകമ്പടി വാഹനങ്ങളുടെ എണ്ണം കൂട്ടിയതിൽ ഡിസിപിയോട് ക്ഷുഭിതനായി മുഖ്യമന്ത്രി വി. ഡി. സതീശൻ. ബുധനാഴ്ച രാവിലെ കവടിയാറിൽ വയോജന ദിനാചരണത്തിൻറെ ഭാഗമായി നടന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യാനെത്തിയപ്പോഴാണ് സംഭവം. സാധാരണ മുഖ്യമന്ത്രിയുടെ ഔദ്യോഗിക യാത്രയിൽ ഒരു പൈലറ്റ് വാഹനവും ഒരു എസ്കോർട്ട് വാഹനവുമാണ് ഉണ്ടാകാറുള്ളത്. എന്നാൽ കവടിയാറിലെത്തിയപ്പോൾ പൈലറ്റ് വാഹനത്തിന് മുന്നിലായി ഒരു പൊലിസ് ജീപ്പ് കൂടി ഉണ്ടായിരുന്നത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടു. വാഹനത്തിൽനിന്ന് ഇറങ്ങിയ മുഖ്യമന്ത്രി ഇതുസംബന്ധിച്ച് ഡിസിപിയോട് വിശദീകരണം തേടുകയായിരുന്നു. തൻറെ ഔദ്യോഗിക യാത്രകൾക്ക് സുരക്ഷയുടെ പേരിൽ അനാവശ്യമായി കൂടുതൽ വാഹനങ്ങൾ വിന്യസിക്കരുതെന്നും വാഹനങ്ങളുടെ എണ്ണം കൂട്ടേണ്ട സാഹചര്യം ഒഴിവാക്കണമെന്നും അദ്ദേഹം ഡിസിപിക്ക് കർശന നിർദേശം നൽകി. അടുത്തിടെ യുവമോർച്ച പ്രവർത്തകർ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുമെതിരെ സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ കരിങ്കൊടി പ്രതിഷേധവും വഴിതടയൽ സമരവും നടത്തിയിരുന്നു.

ഈ സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ സുരക്ഷ ഉറപ്പാക്കുന്നതിൻറെ ഭാഗമായാണ് ഒരു വാഹനം കൂടി അധികമായി ഉൾപ്പെടുത്തിയതെന്നാണ് പൊലിസ് നൽകുന്ന വിശദീകരണം.

# ഡിസിസി ഓഫീസ് ആക്രമണം; സംസ്ഥാന വ്യാപക പ്രതിഷേധം സംഘടിപ്പിക്കുമെന്ന് സണ്ണി ജോസഫ്

തിരുവനന്തപുരം: കരിങ്കൊടി പ്രതിഷേധത്തെ ചൊല്ലി കോൺഗ്രസ്-ബിജെപി സംഘർഷം രൂക്ഷമായതിന് പിന്നാലെ തിരുവനന്തപുരത്ത് ഡിസിസി ഓഫീസടക്കം കോൺഗ്രസ് ഓഫീസുകൾക്ക് നേരെ ആക്രമണവും കല്ലേറും. നെയ്യാറ്റിൻകര ആനാവൂരിലെ കോൺഗ്രസ് മണ്ഡലം ഓഫീസിന് തീയിട്ടതായും റിപ്പോർട്ടുണ്ട്. ഡിസിസി ഓഫീസിന് നേരെയുണ്ടായ ആക്രമണം ഏറെ പ്രതിഷേധാർഹമാണെന്നും ഉത്തരവാദികൾക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കണമെന്നും കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ് പറഞ്ഞു. ബിജെപി നേതൃത്വത്തിൻറെ അറിവോടും ഒത്താശയോടും പ്രേരണയോടുമാണ് പാർട്ടി ഓഫീസിന് നേരെ ആക്രമണം നടന്നതെന്നാണ് സണ്ണി ജോസഫിൻറെ ആരോപണം.

ഗുണ്ടായിസത്തിലും അക്രമ രാഷ്ട്രീയത്തിലുമാണ് ബിജെപി വിശ്വസിക്കുന്നതെന്നും ഇത്തരം രീതികൾ അംഗീകരിക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു. സംഭവത്തിൽ ഉൾപ്പെട്ട മുഴുവൻ പ്രതികളെയും നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്ന് സണ്ണി ജോസഫ് വ്യക്തമാക്കി. അക്രമ രാഷ്ട്രീയത്തിന് മുന്നിൽ കോൺഗ്രസ് വഴങ്ങില്ലെന്നും വിഷയത്തിൽ ശക്തമായ പ്രതിഷേധം ഉയർത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം സംഭവത്തെ ഒറ്റപ്പെട്ട സംഭവമായി കാണാനാകില്ല. ദേശീയതലത്തിൽ നേരിടുന്ന തിരിച്ചടികളിൽ നിന്നും മറ്റ് വിഷയങ്ങളിൽ നിന്നും പൊതുജനശ്രദ്ധ തിരിക്കാനാണ് ബിജെപി ഇത്തരം ആക്രമണങ്ങൾ ആസൂത്രണം ചെയ്യുന്നതെന്നും സണ്ണി ജോസഫ് ആരോപിച്ചു. അമിത് ഷായെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ കരിങ്കൊടി കാണിച്ചതിന് പിന്നാലെയാണ് യുവമോർച്ചയുടെ നേതൃത്വത്തിൽ കരിങ്കൊടി പ്രതിഷേധം ശക്തമായത്.

# പേവിഷബാധ തുടച്ചു നീക്കാൻ നടപടി ശക്തമാക്കും : മന്ത്രി കെ മുരളീധരൻ

പേവിഷബാധ കാരണം ആരെയും മരണത്തിന് വിട്ടുകൊടുക്കാനാകില്ലെന്നും 2028 ഓടെ കേരളത്തിൽ നിന്നും പേവിഷ ബാധ തുടച്ചുനീക്കാനാകണമെന്നും ആരോഗ്യ വകുപ്പ് മന്ത്രി കെ മുരളീധരൻ. തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലെ സ്കൂൾ ഓഫ് പബ്ലിക്ക് ഹെൽത്ത് കോൺഫറൻസ് ഹാളിൽ ലോക പേവിഷബാധാ ദിനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പേവിഷ ബാധ നിർമാർജനം ചെയ്യുന്നതിന് വിവിധ വകുപ്പുകളുടെ സംയോജിത ശ്രമം വേണം. സർക്കാരിന്റെ നൂറുദിന കർമ പരിപാടികളുടെ ഭാഗമായി വികേന്ദ്രീകൃത കാൻസർ പരിചരണത്തിനുള്ള വെർച്വൽ ഡിസ്ട്രിക്ട് ട്യൂമർ ബോർഡ് ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

പൊതുജനാരോഗ്യത്തെ മുൻനിർത്തി സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത് നടപ്പാക്കുന്ന പേവിഷബാധ നിയന്ത്രണ പദ്ധതി ഏറെ ഫലപ്രദമാകുമെന്ന് വീഡിയോ സന്ദേശത്തിലൂടെ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ പറഞ്ഞു. പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കണമെന്നും മന്ത്രി നിർദേശിച്ചു.

കേരളം ആരോഗ്യ ശാസ്ത്ര സർവകലാശാല - സ്കൂൾ ഓഫ് പബ്ലിക്ക് ഹെൽത്ത് നടപ്പാക്കുന്ന പേവിഷബാധാ നിയന്ത്രണ പദ്ധതിയുടെ കണ്ടെത്തലുകളുടെ അവതരണവും സെമിനാറിൽ നടന്നു. കേരളം ആരോഗ്യ ശാസ്ത്ര സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. മോഹനൻ കുന്നുമ്മൽ അധ്യക്ഷനായി. ചടങ്ങിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി മീനാക്ഷി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. കെ. വി വിശ്വനാഥൻ, ഹെൽത്ത് എജ്യുക്കേഷൻ ജോയിന്റ് ഡയറകടർ ഡോ. എസ്. എസ് മിനി, ആരോഗ്യ ശാസ്ത്ര സർവകലാശാല രജസ്ട്രാർ ഡോ. ഗോപകുമാർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. കെ. പി റീത്ത, തിരുവനന്തപുരം ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. ബിന്ദു മോഹൻ, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത് പ്രൊഫസർ ഡോ. തോമസ് മാത്യു എന്നിവർ പങ്കെടുത്തു. കൊല്ലം സർക്കാർ മെഡിക്കൽ കോളജ് കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ് മേധാവി ഡോ. സീനിയ ടി നജും ഐ.ബി.സി.എം പദ്ധതിയെ കുറിച്ചുള്ള മുഖ്യ അവതരണം നടത്തി. പേവിഷബാധാ നിയന്ത്രണപരിപാടിയുടെ സംസ്ഥാന നോഡൽ ഓഫീസർ, ഡോ. എസ് ഹരികുമാർ, മൃഗസംരക്ഷണ വകുപ്പ് അസ്സിസ്റ്റന്റ് ഡയറക്ടർ ഡോ. എം. എ ലക്ഷ്മി, ഗ്ലാസ്ഗോ യൂണിവേഴ്സിറ്റി യുണൈറ്റഡ് കിങ്ഡം പ്രൊഫസർ ഡോ. കെയ്റ്റി ഹാംസൻ എന്നിവർ പങ്കെടുത്തു.

'ഒരുമിച്ച് കൂടുതൽ ശക്തരായി റാബീസ് വിമുക്ത കേരളത്തിലേക്ക്' എന്നതാണ് ഈ വർഷത്തെ പേവിഷബാധാദിന സന്ദേശം. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, കേരളം ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ സ്കൂൾ ഓഫ് പബ്ലിക്ക് ഹെൽത്ത് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

# പകർച്ചപ്പനി പ്രതിരോധം; അതൃപ്തി അറിയിച്ച് മന്ത്രി കെ. മുരളീധരൻ

തിരുവനന്തപുരം: സംസ്ഥാനത്തെ പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങളിലെ പോരായ്മകളിൽ അതൃപ്തി രേഖപ്പെടുത്തി മന്ത്രി കെ. മുരളീധരൻ. ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലാണ് ഫീൽഡ് തല പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന് മന്ത്രി വിമർശിച്ചത്. ഓരോ ജില്ലയിലെയും പ്രതിരോധ പ്രവർത്തനങ്ങൾ വിശദീകരിക്കാൻ മന്ത്രി ജില്ലാ മെഡിക്കൽ ഓഫീസർമാരോട് ആവശ്യപ്പെട്ടു. തിരുവനന്തപുരം ജില്ലയിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയ മന്ത്രി ഡിഎംഒയുടെ വിശദീകരണം ചോദിച്ചു. ആരോഗ്യ പ്രവർത്തകർ വീടുകളിലെത്തി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും മന്ത്രി നിർദേശം നൽകി. പകർച്ചപ്പനി വ്യാപനം നിസാരമായി കാണരുതെന്നും പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതേസമയം സംസ്ഥാനത്ത് ഇൻഫ്ലുവൻസ ബാധിച്ച് ഈ മാസം ഇതുവരെ 20 പേർ മരിച്ചതായാണ് കണക്ക്. ഇന്നലെ മാത്രം 98 പേർക്ക് ഇൻഫ്ലുവൻസ സ്ഥിരീകരിച്ചു. ഈ മാസം ഇതുവരെ 2,349 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇത്തവണ രോഗബാധയും മരണനിരക്കും ഉയർന്നിട്ടുണ്ട്. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ നാല് ഇൻഫ്ലുവൻസ മരണങ്ങളും 724 രോഗബാധിതരുമാണ് റിപ്പോർട്ട് ചെയ്തിരുന്നത്. ഈ മാസം ഇൻഫ്ലുവൻസ രോഗികളുടെ എണ്ണം 251 ആയി ഉയർന്നതായും കണക്കുകൾ വ്യക്തമാക്കുന്നു.

# സംസ്ഥാനത്ത് ഇന്നും വൈദ്യുതി നിയന്ത്രണത്തിന് സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും പവർ കട്ടിന് സാധ്യത. 565 മെഗാവാട്ടിൻറെ കുറവ് വന്നതോടെ ഇന്നും വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് കെഎസ്ഇബി അറിയിച്ചു. തത്സമയ വിപണിയിൽ നിന്ന് കിട്ടിയില്ലെങ്കിൽ നിയന്ത്രണമുണ്ടായേക്കുമെന്നാണ് അറിയിപ്പ്. മധ്യപ്രദേശിൽ നിന്ന് 200 മെഗാവാട്ട് രാത്രി 9 മണിക്ക് ശേഷം മാത്രമായിരിക്കും ലഭിക്കുക. ഡൽഹി, ഹരിയാന എന്നിവിടങ്ങളിൽ നിന്നായി 250 മെഗാവാട്ട് പീക്ക് സമയത്ത് ലഭിക്കും.

# ചിപ്പ് നിർമാണ ഫാക്ടറിക്ക് തീപിടിച്ചു; ലക്ഷങ്ങളുടെ നഷ്ടം

കോട്ടയം: പെരുവ കുന്നപ്പള്ളിയിൽ നിർമാണത്തിലിരിക്കുന്ന ചിപ്പ് നിർമാണ ഫാക്ടറിക്ക് തീപിടിച്ചു. തലയോലപറമ്പ് സ്വദേശിയുടെ ഉടമസ്ഥതയിലുള്ള പിസിബി എക്സ്പ്രസ് എന്ന സ്ഥാപനത്തിലാണ് തീപിടിത്തമുണ്ടായത്. കമ്പ്യൂട്ടർ ചിപ്പുകളും മദർബോർഡുകളും നിർമിക്കുന്നതിനായി സജ്ജമാക്കിക്കൊണ്ടിരുന്ന ഫാക്ടറിയിലാണ് അപകടമുണ്ടായത്. എസിയിൽ നിന്നാണ് തീ പടർന്നതെന്നാണ് പ്രാഥമിക നിഗമനം. ഡിസംബറിൽ ഉദ്ഘാടനം നടത്താൻ നിശ്ചയിച്ചിരുന്ന സ്ഥാപനത്തിലാണ് തീപിടിത്തമുണ്ടായത്. കടുത്തുരുത്തിയിൽ നിന്നുള്ള ഫയർഫോഴ്സ് സംഘം സ്ഥലത്തെത്തി തീ നിയന്ത്രണവിധേയമാക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. തീപിടിത്തത്തിൽ ലക്ഷങ്ങളുടെ നഷ്ടം സംഭവിച്ചതായി ഉടമ പറഞ്ഞു.

# കെട്ടിട നിർമാണത്തിൽ നൂതന സാങ്കേതികവിദ്യയ്ക്ക് പ്രാധാന്യം നൽകും: മന്ത്രി മോൻസ് ജോസഫ്

സംസ്ഥാനത്തെ കെട്ടിട നിർമാണ രംഗത്ത് നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ട നിർമാണ സൗകര്യങ്ങൾ ഒരുക്കുമെന്ന് ഭവന നിർമാണ വകുപ്പ് മന്ത്രി മോൻസ് ജോസഫ്. നിർമിതി കേന്ദ്രത്തിന്റെ കേരളത്തിലെ ആദ്യ ത്രീ ഡി പ്രിന്റിംഗ് ബിൽഡിംഗ് ടെക്നോളജി സെന്ററിന്റെ ഉദ്ഘാടനം തിരുവനന്തപുരം പിടിപി നഗറിലെ നിർമിതി ആസ്ഥാനത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

ഡിജിറ്റൽ ഡിസൈൻ അടിസ്ഥാനമാക്കിയുള്ള ത്രീ ഡി പ്രിന്റിംഗ് സാങ്കേതികവിദ്യയിലൂടെ സങ്കീർണമായ ആകൃതികളും ഘടനകളും കൂടുതൽ കൃത്യതയോടെ നിർമിക്കാൻ കഴിയും. കുറഞ്ഞ ചെലവിൽ നിർമാണം പൂർത്തിയാക്കാൻ കഴിയുന്നതും നിർമാണ മേഖലയിലെ സമയവും അധ്വാനവും കുറയ്ക്കാൻ സാധിക്കുന്നതും സാങ്കേതികവിദ്യയുടെ പ്രധാന നേട്ടങ്ങളാണ്. പരമ്പരാഗത നിർമാണ രീതികളിൽനിന്ന് ആധുനിക ത്രീ ഡി പ്രിന്റിംഗ് സാങ്കേതികതയിലേക്കുള്ള നിർമിതി കേന്ദ്രത്തിന്റെ മാറ്റം കാലത്തിനനുസരിച്ചുള്ള മുന്നേറ്റമാണെന്നും മന്ത്രി പറഞ്ഞു. കെട്ടിട നിർമാണ രംഗത്ത് മികച്ച പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന നിർമിതി കേന്ദ്രത്തിനെ മന്ത്രി അഭിനന്ദിച്ചു.

നിർമിതി കേന്ദ്രം നടത്തുന്ന പരിശീലന പരിപാടിയായ ഇന്റഗ്രേറ്റഡ് സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമിന്റെ ഉദ്ഘാടനം മന്ത്രി കെ മുരളീധരൻ നിർവഹിച്ചു. സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ ഡോ. ഫെബി വർഗീസ്, കെസ്നിക് ചീഫ് ടെക്നിക്കൽ ഓഫീസർ സന്തോഷ് വി തുടങ്ങിയവർ പങ്കെടുത്തു.




നിർമിതി കേന്ദ്രം ത്രീ ഡി പ്രിന്റിംഗ് ബിൽഡിംഗ് ടെക്നോളജി സെന്റർ മന്ത്രി മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്യുന്നു



ഐച്ചി നഗോയ ഏഷ്യൻ ഗെയിംസിലെ മെഡൽ ജേതാക്കളായ വിദർശ കെ വിനോദ്, എം ആർ അർജുൻ എന്നിവർ മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുന്നു. കായികമന്ത്രി ഒ ജെ ജനീഷ് സമീപം.

## നെൽവയൽ – തണ്ണീർത്തട നിയമഭേദഗതി : ഉന്നതതല യോഗം ചേർന്നു

നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും ഭേദഗതി വരുത്തുവാനുള്ള പ്രൊപ്പോസൽ ചർച്ച ചെയ്യാനായി റവന്യൂ വകുപ്പ് മന്ത്രി എ. പി. അനിൽ കുമാറിന്റെ അധ്യക്ഷതയിൽ ലാൻഡ് റവന്യൂ കമ്മിഷണറേറ്റിൽ യോഗം ചേർന്നു. നിലവിലെ വ്യവസ്ഥകളിലെ നടപടിക്രമങ്ങളുടെ ലഘൂകരണം, വ്യവസായ സൗഹൃദ നയം നടപ്പിലാക്കൽ, ജനകീയ പ്രശ്നപരിഹാരം എന്നിവയാണ് ഭേദഗതിയുടെ പ്രധാന ലക്ഷ്യം. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, ലാൻഡ് റവന്യൂ കമ്മിഷണർ എച്ച്. ദിനേശൻ, റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എ. ഗീത, ലാൻഡ് ബോർഡ് സെക്രട്ടറി ഡോ. എം. സി. റെജിൽ, റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ഡോ. പി. കെ. ജയശ്രീ, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീകുമാർ, അസിസ്റ്റന്റ് കമ്മിഷണർമാർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## വന്യജീവി വാരാഘോഷ പ്രതിജ്ഞ 5ന്

സംസ്ഥാനത്ത് ഒക്ടോബർ 2 മുതൽ ഒരാഴ്ച വന്യജീവി വാരമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി ഒക്ടോബർ 5 ഉച്ചയ്ക്ക് മുമ്പ് സർക്കാർ ഉദ്യോഗസ്ഥരും സ്കൂൾ വിദ്യാർഥികളും വനം വന്യജീവി സംരക്ഷണ പ്രതിജ്ഞ എടുക്കണമെന്ന് നിർദേശിച്ച് സർക്കാർ ഉത്തരവായി.

പ്രതിജ്ഞ:

"വന്യജീവി സംരക്ഷണം ഭരണഘടനാപരമായ എന്റെ മൗലിക കർത്തവ്യങ്ങളുടെ ഭാഗമാണെന്നും അതിന് വിഘാതമാകുന്ന പ്രവർത്തനങ്ങൾ പരിസ്ഥിതിയ്ക്കും മാനവരാശിയ്ക്കും എതിരാണെന്നും ഞാൻ മനസിലാക്കുന്നു. വനം-വന്യജീവി സംരക്ഷണം എന്റെ കടമയായി തിരിച്ചറിഞ്ഞു പ്രവർത്തിക്കുമെന്നും വനം വന്യജീവി സംരക്ഷണം, സഹവർത്തിത്വം എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് സാധ്യമായ എല്ലാ പിന്തുണയും നൽകുമെന്നും ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു."

## ദേശീയ സന്നദ്ധ രക്തദാന ദിനാചരണം: മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യും

ദേശീയ സന്നദ്ധ രക്തദാന ദിനം ഒക്ടോബർ 1 രാവിലെ 11ന് തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിലെ മൈൻഡ് ഓഡിറ്റോറിയത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി കെ മുരളീധരൻ ഉദ്ഘാടനം ചെയ്യും. മന്ത്രി സി പി ജോൺ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ശശി തരൂർ എംപി, മേയർ വിവി രാജേഷ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ശർമിള മേരി ജോസഫ്, സംസ്ഥാന പോലീസ് മേധാവി റവാഡ എ ചന്ദ്രശേഖർ തുടങ്ങിയവർ പങ്കെടുക്കും.സന്നദ്ധ രക്തദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുകയും കൂടുതൽ പേരെ രക്തദാതാക്കളാക്കുകയുമാണ് ദിനാചരണ ലക്ഷ്യം. 'One Drop of Humanity. Give Blood Save Lives' എന്നതാണ് ഈ വർഷത്തെ പ്രമേയം.



കേരള വനവികസന കോർപറേഷൻ പുതിയതായി ആരംഭിക്കുന്ന വിവിധ പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കുന്നു. വനം വകുപ്പ് മന്ത്രി ഷിബു ബേബി ജോൺ, നജീബ് കാന്തപുരം എം എൽ എ, വനം വന്യജീവി വകുപ്പ് സെക്രട്ടറി കെ ബിജു, പ്രിൻസിപ്പൽ ചീഫ് കൺസെർവേറ്റർ രാജേഷ് രവീന്ദ്രൻ, കെ എഫ് ഡി സി എം ഡി രാജു കെ ഫ്രാൻസിസ് എന്നിവർ വേദിയിൽ

## ഗവിയിലും സൂര്യനെല്ലിയിലും വർക്കേഷൻ സൗകര്യം ഒരുക്കി സർക്കാർ

കേരളത്തിൽ ആദ്യമായി സർക്കാർ മേഖലയിൽ വർക്കേഷൻ ആശയം നടപ്പിലാക്കുകയാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ താമസിച്ചു ജോലി ചെയ്യാൻ കഴിയുന്ന വർക്കേഷൻ സൗകര്യങ്ങൾ ഗവിയിലും സൂര്യനെല്ലിയിലും ഒരുക്കുന്ന 'ടഒഛഘഅ' (ടലലസ ഒശസലഛരയലൈ്ലഘീഢല അയീൃെയ) ബ്രാൻഡിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ഇതുൾപ്പെടെ കേരള വനവികസന കോർപറേഷൻ പുതിയതായി ആരംഭിക്കുന്ന അഞ്ച് പദ്ധതികളുടെ ഉദ്ഘാടനം മാസ്ക്കോട്ട് ഹോട്ടലിൽ മുഖ്യമന്ത്രി നിർവഹിച്ചു.

കേരള വനവികസന കോർപറേഷന്റെ തോട്ടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന തേയിലയും കാപ്പിയും വിപണനം ചെയ്യുന്ന 'ആത്മ' എന്ന ബ്രാൻഡിന്റെ പ്രകാശനവും മുഖ്യമന്ത്രി നിർവഹിച്ചു. ആത്മ തേയില-കാപ്പി ബ്രാൻഡിന്റെ ആദ്യ വില്പന മന്ത്രി ഷിബു ബേബി ജോൺ മുഖ്യമന്ത്രിക്ക് കൈമാറി നിർവഹിച്ചു. വാഗമണ്ണിൽ ആരംഭിക്കുന്ന പ്രീമിയം പോഡ് സ്റ്റേ പദ്ധതിയുടെ പ്രവൃത്തി ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു. നാല് പോഡുകളുടെ നിർമാണം ഡിസംബറിൽ പൂർത്തീകരിക്കും. തവണ വ്യവസ്ഥയിൽ വിനോദയാത്രകൾ സാധ്യമാക്കുന്ന 'ട്രാവൽ ടുഡേ പേ ടുമോറോ' പദ്ധതി, പ്രകൃതി വ്യാഖ്യാനത്തിന്റെ നിലവാരം ഉയർത്തുന്നതിനുള്ള ഇക്കോ ഗൈഡ് പരിശീലനം തുടങ്ങിയ സംരംഭങ്ങൾക്കും ഇന്ന് തുടക്കം കുറിച്ചു.

കേരളത്തിന്റെ ജൈവവൈവിധ്യം ലോകോത്തരമാണെന്ന തിരിച്ചറിവ് മലയാളികൾക്കുണ്ടാകണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. സമാനതകളില്ലാത്ത അനുഭവം വിനോദ സഞ്ചാരികൾക്ക് നൽകാൻ വനം വകുപ്പിന്റെ പുതിയ സംരംഭങ്ങൾക്ക് കഴിയും. ആവാസവ്യവസ്ഥയ്ക്ക് കോട്ടം വരുത്താതെ വിനോദസഞ്ചാരവും വികസനവും ഉറപ്പാക്കണം. എക്കോടൂറിസം കേന്ദ്രങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന താൽക്കാലിക സംവിധാനമായ പോഡുകൾ കേരളത്തിന്റെ സാഹചര്യങ്ങൾക്ക് ഏറെ അനുകൂലമാണ്. മൂല്യവർധന ഉറപ്പാക്കി കേരളത്തിന്റെ പ്രത്യേകതയാർന്ന ഉൽപ്പന്നങ്ങൾ കൂടുതലായി നമുക്ക് വികസിപ്പിക്കാൻ കഴിയണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വന ഉൽപ്പന്നങ്ങളുടെ മൂല്യവർധന ഉറപ്പാക്കുമെന്ന് ചടങ്ങിൽ അധ്യക്ഷനായ വനം വന്യജീവി വകുപ്പ് മന്ത്രി ഷിബു ബേബി ജോൺ പറഞ്ഞു. കേരള വനവികസന കോർപറേഷന്റെ ഉടമസ്ഥതയിലുള്ള ചന്ദനമരങ്ങളിൽ നിന്നുള്ള ചന്ദനം 'കളഭം' എന്ന ബ്രാൻഡായി പുറത്തിറക്കും. വനാതിർത്തി പ്രദേശങ്ങളിലേക്ക് എത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വൻ വർധനയാണ്. ഈ സാധ്യത ഉപയോഗിക്കുന്നതിനും അതിനെ സുസ്ഥിരമായ സാമൂഹിക-സാമ്പത്തിക പുരോഗതിയുടെ ഭാഗമാക്കുന്നതിനുമായി മുന്നോട്ടുവയ്ക്കുന്ന 'പ്രീമിയം ബയോഡൈവേഴ്സിറ്റി എക്സ്പീരിയൻസ് എന്ന ദർശനത്തിന്റെ ഭാഗമായാണ് പദ്ധതികൾ ആരംഭിച്ചതെന്നും മന്ത്രി പറഞ്ഞു.

വനം വന്യജീവി വകുപ്പ് സെക്രട്ടറി കെ ബിജു സ്വാഗതം ആശംസിച്ചു. നജീബ് കാന്തപുരം എം എൽ എ, പ്രിൻസിപ്പൽ ചീഫ് കൺസെർവേറ്റർ ഓഫ് ഫോറസ്റ്റ്സ് രാജേഷ് രവീന്ദ്രൻ, കേരള വനവികസന കോർപറേഷൻ എം ഡി രാജു കെ ഫ്രാൻസിസ് തുടങ്ങിയവർ പങ്കെടുത്തു.

# സാമൂഹിക സംരംഭകത്വത്തെ പിന്തുണയ്ക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധം: മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി

തിരുവനന്തപുരം: സാമൂഹിക പ്രതിബദ്ധതയുള്ള നൂതനാശയങ്ങളുമായെത്തുന്ന കേരളത്തിലെ സാമൂഹിക-വനിതാ സംരംഭകരെ പിന്തുണയ്ക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് വ്യവസായ വാണിജ്യ, എഐ, സ്റ്റാർട്ടപ്പ് വകുപ്പ് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. സംസ്ഥാന സർക്കാരിൻറെ മുൻഗണനാടിസ്ഥാനത്തിലുള്ള നൂറുദിന പരിപാടിയുടെ ഭാഗമായി കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) സംഘടിപ്പിച്ച 'സാമൂഹിക സംരംഭകത്വ കോൺക്ലേവ്' ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കേരളത്തിൽ സാമൂഹിക സംരംഭങ്ങൾക്ക് വലിയ വളർച്ചാസാധ്യതയാണുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമായതോടെ വേൾഡ് മാർക്കറ്റിലേക്ക് എളുപ്പത്തിൽ പ്രവേശനം ലഭിക്കുന്ന സാഹചര്യം നിലവിലുണ്ട്. പ്രാദേശിക കൈത്തറി ഉത്പന്നങ്ങളെ അന്താരാഷ്ട്ര വിപണിയിലെത്തിക്കാനും തദ്ദേശീയമായി വികസിപ്പിക്കുന്ന ലളിതമായ സാങ്കേതികവിദ്യകളിലൂടെ ജലാശയങ്ങളിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാനും സാധിച്ചാൽ അത് വലിയൊരു ജനവിഭാഗത്തിൻറെ ജീവിതത്തെ പോസിറ്റീവായി സ്വാധീനിക്കും.

സമൂഹത്തിൻറെ താഴേത്തട്ടിലുള്ളവർക്ക് ഉപകാരപ്പെടുന്ന ഇത്തരം സാങ്കേതിക-പ്രായോഗിക ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ള സ്റ്റാർട്ടപ്പുകളെ, പ്രത്യേകിച്ച് വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയാണ് സർക്കാരിൻറെ ലക്ഷ്യം. സാമൂഹിക സംരംഭകത്വ കോൺക്ലേവിൽ ഉയർന്നുവരുന്ന മികച്ച ആശയങ്ങളും നിർദ്ദേശങ്ങളും സർക്കാർ പൂർണ്ണമായും പ്രാവർത്തികമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

കോൺക്ലേവിനോടനുബന്ധിച്ച് നടക്കുന്ന കെഎസ്‌യുഎമ്മിൻറെ വനിതാ സ്റ്റാർട്ടപ്പ് സെല്ലിൻറെ ഉദ്ഘാടനം വനിതാ ശിശു വികസന-തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ നിർവഹിച്ചു. പരമ്പരാഗത അറിവുകളും ആധുനിക സാങ്കേതികവിദ്യയും സമന്വയിക്കുന്ന പുതിയ സംരംഭങ്ങൾക്ക് സംസ്ഥാന സർക്കാർ പൂർണ്ണ പിന്തുണ നൽകുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ പറഞ്ഞു. നമ്മുടെ നാടിൻറെ സുസ്ഥിര വികസനത്തിന് അനുയോജ്യമായ മികച്ച ആശയങ്ങളുമായി മുന്നോട്ടുവരുന്ന സംരംഭകർക്ക് ഐടി, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് തുടങ്ങിയ മേഖലകളിലടക്കം പ്രോത്സാഹനം നൽകും.

തൊഴിലുടമയ്ക്കും തൊഴിലാളിക്കും ഒരുപോലെ അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് കേരള സർക്കാരിൻറെ നയം. വ്യവസായ സൗഹൃദ സംസ്ഥാനമെന്ന നേട്ടം കൈവരിക്കുന്നതിനൊപ്പം തൊഴിലെടുക്കുന്നവരുടെ സന്തോഷവും സംതൃപ്തിയും ഉറപ്പാക്കുക എന്നതിനാണ് സർക്കാരിൻറെ മുൻഗണന. കരിയർ ഇടവേളയെടുക്കേണ്ടി വരുന്ന വനിതകളെ കണ്ടെത്തി തിരികെ തൊഴിൽ രംഗത്തേക്ക് കൊണ്ടുവരുന്നതിനും അവരുടെ കഴിവുകൾ നാടിന് പ്രയോജനപ്പെടുത്തുന്നതിനും പ്രത്യേക പദ്ധതികൾ വനിതാ ശിശുവികസന വകുപ്പ് നടപ്പിലാക്കുമെന്നും മന്ത്രി അറിയിച്ചു.




കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ച സാമൂഹിക സംരംഭകത്വ കോൺക്ലേവ് വ്യവസായ വാണിജ്യ, എഐ, സ്റ്റാർട്ടപ്പ് വകുപ്പ് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു. വനിതാ ശിശു വികസന -തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ, ഇലക്ട്രോണിക്സ് ആൻറ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവറാവു, സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക, ടൈ വിമൺ ചെയർ നിഷ ജോസ് എന്നിവർ സമീപം.

കെഎസ്‌യുഎമ്മിൻറെ സാമൂഹിക സംരംഭകത്വ പരിപാടിയുടേയും (സോഷ്യൽ എൻറർപ്രണർഷിപ് പ്രോഗ്രാം) പേറ്റൻറ് ഫെലിസിറ്റേഷൻ സെൻററിൻറേയും ഉദ്ഘാടനവും പരിഷ്കരിച്ച വനിതാ സ്റ്റാർട്ടപ്പ് ഹാൻഡ്ബുക്കിൻറെ പ്രകാശനവും കോൺക്ലേവിൽ നടന്നു. സ്റ്റാർട്ടപ്പ് സാക്ഷരതാ കാമ്പയ്നിൻറെ ആദ്യ പതിപ്പും കോൺക്ലേവിൻറെ ഭാഗമായി ആരംഭിച്ചു.

കേരളത്തിലെ സാമൂഹിക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതിൻറെ അനിവാര്യതയെക്കുറിച്ച് ഇലക്ട്രോണിക്സ് ആൻറ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവറാവു അധ്യക്ഷപ്രസംഗത്തിൽ സംസാരിച്ചു. കേരളത്തിൽ യൂണിക്കോണുകൾ ഉയർന്നുവരേണ്ടതുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഡീപ്-ടെക് ആശയങ്ങളെ പിന്തുണയ്ക്കുന്നതിനായി പേറ്റൻറ് ഫയലിംഗ് പ്രൊമോഷൻ പരിപാടികൾ ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രൊഫഷണൽ സാങ്കേതികവിദ്യാധിഷ്ഠിത ഉത്പന്നങ്ങൾക്ക് പുറമെ സാമൂഹിക പ്രതിബദ്ധതയുള്ള വിപ്ലവകരമായ ആശയങ്ങൾക്കും സംരംഭങ്ങൾക്കും പിന്തുണ നല്കാനാണ് കേരള സ്റ്റാർട്ടപ്പ് ലക്ഷ്യമിടുന്നതെന്ന് സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക സ്വാഗതപ്രസംഗത്തിൽ പറഞ്ഞു. സമൂഹത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുന്ന പരമ്പരാഗത സംരംഭകർക്കും തനത് ഉത്പന്ന നിർമ്മാണം, വനോത്പന്നങ്ങൾ, ഗാർഹിക വിഭവ സമാഹരണം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും സാമ്പത്തിക സഹായത്തിനൊപ്പം മാർഗനിർദേശവും നല്കും. കൂടുതൽ വനിതകളെ സാങ്കേതിക സംരംഭകത്വത്തിലേക്ക് ആകർഷിക്കാനും ആഗ്രഹിക്കുന്നു. ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ബ്ലോക്ക് ചെയിൻ, മെഷീൻ ലേണിംഗ് തുടങ്ങിയ സാങ്കേതിക പദാവലികളിൽ മാത്രം ചുറ്റിക്കറങ്ങുന്നതല്ല സ്റ്റാർട്ടപ്പുകളെന്ന സങ്കൽപ്പമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്ലാനിംഗ് ബോർഡംഗം ശ്രീധർ രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. മുൻകാലത്തെ അപേക്ഷിച്ച് സംസ്ഥാനത്ത് മികച്ച സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം നിലവിലുണ്ട്. സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കുന്ന പിന്തുണ പരമാവധി പ്രയോനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

ടൈ വിമൺ ചെയർ നിഷ ജോസ്, വിവിധ മേഖലകളിലെ സാമൂഹ്യസംരംഭകർ തുടങ്ങിയവർ സംസാരിച്ചു.

സാമൂഹ്യ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് നൂതന ആശയങ്ങൾ വഴി പരിഹാരം കാണുന്ന സംരംഭങ്ങളാണ് സാമൂഹ്യ സംരംഭങ്ങൾ (സോഷ്യൽ എൻറർപ്രൈസസ്). ലാഭേച്ഛയില്ലാത്ത സേവന സംരംഭങ്ങളായാണ് സാമൂഹ്യ സംരംഭങ്ങൾ തിരിച്ചറിയപ്പെടുന്നത്. അതുകൊണ്ട് തന്നെ സാമ്പത്തികമായി വളരാനുള്ള പിന്തുണ ഇത്തരം സംരംഭങ്ങൾക്ക് കുറവാണ്. ഈ സാഹചര്യത്തിലാണ് സാമൂഹ്യ സംരംഭങ്ങൾക്കുള്ള പിന്തുണ ഉറപ്പാക്കാൻ കേരള സ്റ്റാർട്ടപ്പ് മിഷൻ സോഷ്യൽ എൻറർപ്രെണർഷിപ് പ്രോഗ്രാമിന് തുടക്കമിടുന്നത്. ഈ പ്രോഗ്രാം വഴി ഫണ്ടിംഗ്, മെൻറർഷിപ്പ്, വിപണി പ്രവേശനം, ബ്രാൻഡിംഗ് തുടങ്ങി ഇത്തരം നൂതന ആശയങ്ങൾക്കുള്ള പിന്തുണ നല്കാൻ ലക്ഷ്യമിടുന്നു

കേരളത്തിലെ നൂതനവും സുസ്ഥിരവുമായ സാമൂഹിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും ശാക്തീകരിക്കാനും ലക്ഷ്യമിട്ടാണ് കോൺക്ലേവ് സംഘടിപ്പിച്ചത്. സാമൂഹിക -വനിതാ സംരംഭകർ, സർക്കാർ പ്രതിനിധികൾ, നിക്ഷേപകർ, വിദ്യാർത്ഥി സംരംഭകർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഡിജിറ്റൽ ഗവേണൻസ് യാഥാർത്ഥ്യമാക്കുകയാണ് സർക്കാർ ലക്ഷ്യം: മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി

## അഞ്ച് പൗരകേന്ദ്രീകൃത ഡിജിറ്റൽ സംരംഭങ്ങൾക്ക് തുടക്കം

ഡിജിറ്റൽ ഗവേണൻസ് യാഥാർഥ്യമാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് ഐടി വകുപ്പ് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി. സാങ്കേതിക വിദ്യാ അധിഷ്ഠിതമായ പുതിയ ജീവിതശൈലിയിലേക്ക് സമൂഹം മാറിക്കൊണ്ടിരിക്കുകയാണ്. ഇതിനനുസൃതമായി സർക്കാർ സേവനങ്ങൾ കൂടുതൽ സുതാര്യമായും സുഗമമായും ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. കേരള ഐടി മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന നമ്മുടെ കേരളം 2.0, സി.എക്സ്. ഇൻഡക്സ്, വാട്സ്ആപ്പ് സർവീസസ്, എ ഐ ചാറ്റ് ബോട്ട്, കെ - എഐ എന്നീ പൗരകേന്ദ്രീകൃത ഡിജിറ്റൽ സംരംഭങ്ങളുടെ ഉദ്ഘാടനം തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

സർക്കാർ സേവനങ്ങൾ വിരലടയാളം വഴിയോ ശബ്ദ നിർദേശം വഴിയോ എളുപ്പത്തിൽ ലഭ്യമാകുന്ന തരത്തിലേക്ക് സാങ്കേതികവിദ്യ വികസിച്ചു കഴിഞ്ഞിട്ടുണ്ട്. വികസിത രാജ്യങ്ങളിലെ ഡിജിറ്റൽ മുന്നേറ്റങ്ങളെ മാതൃകയാക്കി കേരളവും വേഗത്തിൽ ഡിജിറ്റൽ പുരോഗതി കൈവരിക്കും. സർക്കാർ സേവനങ്ങൾ തടസ്സങ്ങളൊന്നുമില്ലാതെ ലഭ്യമാക്കുന്നതിന് സാമൂഹിക പ്രസക്തി ഏറെയാണെന്നും മന്ത്രി പറഞ്ഞു.

സാങ്കേതികവിദ്യ സമൂഹത്തിലുണ്ടാക്കുന്ന മാറ്റങ്ങൾ ജനങ്ങളുടെ ദൈനംദിന ജീവിതം കൂടുതൽ എളുപ്പമുള്ളതാക്കുകയും കൂടുതൽ ആളുകളിലേക്ക് സേവനങ്ങൾ എത്തിക്കാൻ സഹായിക്കുകയും ചെയ്യും. എല്ലാവരുടെയും സഹകരണവും കൂട്ടായ പരിശ്രമവും ഉണ്ടെങ്കിൽ സംസ്ഥാനത്തെ ഈ ഡിജിറ്റൽ പരിവർത്തനം പൂർണമായി യാഥാർഥ്യമാക്കാൻ സാധിക്കുമെന്ന പ്രത്യാശയും മന്ത്രി പ്രകടിപ്പിച്ചു.



കേരള ഐടി മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പൗരകേന്ദ്രീകൃത ഡിജിറ്റൽ സംരംഭങ്ങളുടെ ഉദ്ഘാടനം തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ ഐടി വകുപ്പ് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി നിർവഹിക്കുന്നു

വിവിധ സർക്കാർ സേവനങ്ങൾ ഒരിടത്തേക്ക് കൊണ്ടുവരുന്നതാണ് നമ്മുടെ കേരളം 2.0. പൗരന്റെ സേവനാനുഭവം മെച്ചപ്പെടുത്തുന്നതിനാണ് സിഎക്സ് ഇൻഡക്സ് ലക്ഷ്യമിടുന്നത്. ജനങ്ങൾ ദിവസേന ഉപയോഗിക്കുന്ന വാട്സ്ആപ്പ് സംവിധാനത്തിലൂടെ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതാണ് വാട്സ്ആപ്പ് സർവീസസ് (നമ്പർ: 8281499999). സർക്കാർ വിവരങ്ങൾ സംഭാഷണരീതിയിൽ ലഭ്യമാക്കുന്നതിനാണ് എ ഐ ചാറ്റ്ബോട്ട്. ഭരണരംഗത്തെ വിവിധ പ്രശ്നങ്ങൾക്ക് ഉത്തരവാദിത്വപരമായ എ ഐ അധിഷ്ഠിത പരിഹാരങ്ങൾ കണ്ടെത്തുന്നതിനുള്ള സംവിധാനമാണ് കെ-എഐ. വിവിധ സർക്കാർ വകുപ്പുകളെയും സാങ്കേതിക സംവിധാനങ്ങളെയും സേവനങ്ങളെയും ഏകോപിപ്പിച്ച് സാങ്കേതികവിദ്യയെ പൗരന്റെ ആവശ്യങ്ങളുമായി ബന്ധിപ്പിക്കുന്ന ഡിജിറ്റൽ ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിനാണ് ഈ പദ്ധതികളിലൂടെ കേരള ഐ ടി മിഷൻ ഊന്നൽ നൽകുന്നത്.

ഇലക്ട്രോണിക്സ് ആൻഡ് ഐടി സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു മുഖ്യപ്രഭാഷണം നടത്തി. ഐ ടി മിഷൻ ഡയറക്ടർ സന്ദീപ് കുമാർ, വാർഡ് കൗൺസിലർ ജി വേണുഗോപാൽ, ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, മെറ്റ സ്ട്രാറ്റജിക് പ്രോഗ്രാംസ് ആൻഡ് പാർട്ണർഷിപ്സ് ലീഡ് ദിവ്യ ഖേമേനി വധേരെ, വിവിധ വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥർ, പ്രതിനിധികൾ, സേവനദാതാക്കൾ തുടങ്ങിയവർ പരിപാടിയിൽ സന്നിഹിതരായി.

# ചൂരൽമല വീട് നിർമാണം ഒക്ടോബർ 31നകം പൂർത്തിയാക്കും

മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർക്കായി നിർമിക്കുന്ന പുനരധിവാസ ടൗൺഷിപ്പിലെ വീടുകളുടെ നിർമാണം ഒക്ടോബർ 31നകം പൂർത്തിയാക്കും. ടൗൺഷിപ്പിലെ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ നിർമാണം നവംബർ 15നകം പൂർത്തിയാക്കാനും തീരുമാനിച്ചു.

മന്ത്രിമാരായ എ.പി. അനിൽകുമാർ, ടി. സിദ്ദിഖ്, കെ.എം. ഷാജി എന്നിവരുടെ സാന്നിധ്യത്തിൽ തിരുവനന്തപുരത്ത് ചേർന്ന കാബിനറ്റ് സബ് കമ്മിറ്റി യോഗത്തിലാണ് തീരുമാനം.

നിർമാണം പൂർത്തിയാകുന്ന വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറുന്നതിന് നറുക്കെടുപ്പ് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ വയനാട് ജില്ല കളക്ടർക്ക് നിർദേശം നൽകി.

വീടുകൾ അനുവദിക്കേണ്ട ഗുണഭോക്താക്കളുടെ പട്ടിക അന്തിമമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭിപ്രായം കൂടി പരിഗണിക്കും. ദുരന്തബാധിതർക്ക് നിലവിൽ നൽകിവരുന്ന വാടകയും ഭക്ഷണ കൂപ്പണും തുടരും.

കൃഷിനാശം സംഭവിച്ച കർഷകരുടെ വിവരങ്ങൾ ലഭ്യമാക്കാൻ ഡിഡിഎംഎയ്ക്ക് നിർദേശം നൽകി. കർഷകർക്കും വ്യാപാരികൾക്കും അർഹമായ നഷ്ടപരിഹാര തുക വേഗത്തിൽ കൈമാറും. ദുരന്തബാധിത കുടുംബങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങളും സഹായങ്ങളും വേഗത്തിൽ ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയ സ്മാർട്ട് കാർഡ് വിതരണം അടിയന്തരമായി പൂർത്തിയാക്കും. ബാങ്ക് വായ്പകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും നിർദേശിച്ചു.

# പാലക്കാട്ടെ സഹോദരങ്ങളുടെ മരണം: മാതാവ് കസ്റ്റഡിയിൽ

പാലക്കാട്: കൊഴിഞ്ഞാമ്പാറയിൽ സഹോദരങ്ങളായ രണ്ടു കുട്ടികളെ കുളിമുറിയിലെ വെള്ളത്തൊട്ടിയിൽ മരിച്ചനിലയിൽ കണ്ടെത്തിയ സംഭവത്തിൽ കുട്ടികളുടെ അമ്മയെ കസ്റ്റഡിയിലെടുത്ത് പൊലിസ്. മാതാവ് നിവേദ്യയെ ആണ് പോലിസ് കസ്റ്റഡിയിലെടുത്ത് ചോദ്യംചെയ്യുന്നത്.

കുട്ടികളെ കൊലപ്പെടുത്തിയെന്ന സംശയത്തെത്തുടർന്നാണ് മാതാവിനെ കസ്റ്റഡിയിൽ എടുത്തത്. വടകരപ്പതി പഴണിയാർപാളയം മണൽക്കാട് ജോൺകുമാറിൻറെയും നിവേദ്യയുടെയും മക്കളായ ജെനിഫർ ജൂലിയറ്റ് (അഞ്ച്), റോബിൻ ക്രിസ്റ്റഫർ (മൂന്ന്) എന്നിവരാണ് മരിച്ചത്.

കൊലപാതകമാണെന്നാണ് നിഗമനം. നാട്ടുകാരുടെ പരാതിയിലാണ് നിവേദ്യയെ പൊലിസ് കസ്റ്റിഡയിലെടുത്തത്. ചൊവ്വാഴ്ച രാവിലെ 10. 30-ന് മേനോൻപാറ കൂരാങ്കാട്ടിലെ വാടകവീട്ടിലാണ് സംഭവം. വിറകുവെട്ടു തൊഴിലാളിയായ ജോൺകുമാറും കുടുംബവും രണ്ടുമാസം മുൻപാണ് കൂരാങ്കാട്ടിൽ താമസത്തിനെത്തിയത്. ചൊവ്വാഴ്ച രാവിലെ ജോൺകുമാർ പണിക്കുപോയി. നിവേദ്യയും മക്കളും മാത്രമാണ് വീട്ടിലുണ്ടായിരുന്നത്.

വീടിനു മുൻവശത്ത് പണിചെയ്തുകൊണ്ടിരുന്ന നിവേദ്യ ഏറെ നേരമായി കുട്ടികളുടെ ശബ്ദം കേൾക്കാതിരുന്നതിനെത്തുടർന്ന് അന്വേഷിച്ചു. സമീപവീടുകളിലുൾപ്പെടെ പോയി നോക്കിയെങ്കിലും കണ്ടെത്താനായില്ല. തുടർന്ന് വീട്ടുമുറ്റത്തെ കുളിമുറിയിൽ നോക്കിയപ്പോഴാണ് ഇരുവരും തൊട്ടിയിലെ വെള്ളത്തിൽ ചലനമറ്റു കിടക്കുന്നതു കണ്ടതെന്നാണ് പോലീസിനോട് പറഞ്ഞത്. നിവേദ്യയുടെ ബഹളം കേട്ട് ഓടിക്കൂടിയ നാട്ടുകാർ നാട്ടുകല്ലിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും കുട്ടികൾ മരിച്ചു. മേനോൻപാറ ഗവ. യു. പി. സ്കൂളിലെ എൽകെജി വിദ്യാർഥിനിയായ ജെനിഫർ ജൂലിയറ്റ് കഴിഞ്ഞ രണ്ടുദിവസമായി സ്കൂളിൽ പോയിരുന്നില്ല.

# സ്വത്തുതർക്കം; വയോധികയുടെ ദേഹത്ത് തിളച്ച വെള്ളം ഒഴിച്ച ചെറുമകൾ പിടിയിൽ

കൊല്ലം: സ്വത്തുതർക്കത്തെ തുടർന്ന് വയോധികയുടെ ദേഹത്ത് തിളച്ച വെള്ളമൊഴിച്ച സംഭവത്തിൽ ചെറുമകൾ അറസ്റ്റിൽ. ആയൂർ സ്വദേശി അമൃത (18) നെയാണ് ചടയമംഗലം പൊലിസ് പിടികൂടിയത്. അമ്മയുടെ നിർദേശപ്രകാരമാണ് തിളച്ച വെള്ളം ഒഴിച്ചതെന്ന് അമൃത പൊലിസിന് മൊഴി നൽകി. സംഭവത്തിൽ അമൃതയുടെ മാതാവ് അശ്വതി (37) ഇപ്പോഴും ഒളിവിലാണ്. ഇവരെ കണ്ടെത്തുന്നതിനായി പൊലിസ് അന്വേഷണം തുടരുകയാണ്. കഴിഞ്ഞ 26നാണ് ആയൂർ ഇടമുളയ്ക്കൽ സ്വദേശിനിയായ രാധാമണി (61) ക്ക് പൊള്ളലേറ്റത്. വീട്ടിലെ സിറ്റൗട്ടിലിരിക്കുകയായിരുന്ന രാധാമണിയുടെ മുഖത്തേക്ക് അമൃത തിളച്ച വെള്ളം ഒഴിക്കുകയായിരുന്നു. മുഖത്തും കഴുത്തിലും ഗുരുതരമായി പൊള്ളലേറ്റ രാധാമണി കടയ്ക്കലിലെ ആശുപത്രിയിൽ ചികിത്സയിലാണ്. സംഭവത്തിന് പിന്നാലെ അന്നുതന്നെ രാത്രി അശ്വതി മകളെ ഭർത്താവിൻറെ വീട്ടിലെത്തിച്ചതായാണ് പൊലിസ് പറയുന്നത്. ഇവിടെ നിന്നാണ് അമൃതയെ പൊലീസ് കസ്റ്റഡിയിലെടുത്തത്.

# വേമ്പനാട് ജൈവവൈവിധ്യം അടുത്തറിയാൻ അവസമരൊരുക്കി സിഎംഎഫ്ആർഐയുടെ കായൽ യാത്ര

കൊച്ചി: വേമ്പനാട് കായലിന്റെ ജൈവവൈവിധ്യവും ആവാസവ്യവസ്ഥ നേരിടുന്ന വെല്ലുവിളികളും അടുത്തറിഞ്ഞ് കടമക്കുടിയിലേക്ക് നടത്തിയ ബോട്ട് യാത്ര വേറിട്ട അനുഭവമായി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിവരുന്ന ഫിഷ് വോകിന്റെ ഭാഗമായായിരുന്നു യാത്ര. മെറൈൻ ഡ്രൈവിൽ നിന്ന് തുടങ്ങി 15-ഓളം ചെറുദ്വീപുകളെ ചുറ്റിയാണ് ബോട്ട് കടമക്കുടിയിലെത്തിയത്. വിദ്യാർത്ഥികൾ, പരിസ്ഥിതി പ്രവർത്തകർ, ടൂറിസം പ്രഫഷണലുകൾ, അധ്യാപകർ, ഗവേഷകർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.'സ്വച്ഛതാഹി സേവ' വാരത്തോടും ലോക വിനോദസഞ്ചാര ദിനത്തോടുമനുബന്ധിച്ച് ജി.ഡി.എം ട്രാവലുമായി സഹകരിച്ചായിരുന്നു പരിപാടി. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്ജ് യാത്ര ഫ്ളാഗ് ഓഫ് ചെയ്തു. മത്സ്യമേഖലയെ നേരിട്ടറിഞ്ഞുള്ള യാത്രകളിലൂടെ ശാസ്ത്രവിജ്ഞാനം ജനങ്ങളിലേക്ക് എത്തിക്കാൻ ലക്ഷ്യമിടുന്ന സി.എം.എഫ്.ആർ.ഐയുടെ ജനകീയ ബോധവൽക്കരണ പരിപാടിയാണ് ഫിഷ് വോക്.

കൊറുങ്കോട്ട ചെറുദ്വീപിലെ നൂറ് വർഷത്തോളം പഴക്കമുള്ള കണ്ടൽമരങ്ങളും പിഴലയിലെ പൊക്കാളി പാടങ്ങളുമായിരുന്നു പ്രധാന ആകർഷണം. കടലാക്രമണങ്ങളിൽ നിന്നും ജൈവപ്രതിരോധമായി തീരത്തെ സംരക്ഷിക്കുന്നതു മുതൽ കണ്ടലുകൾ വഹിക്കുന്ന പങ്ക് ശാസ്ത്രജ്ഞർ വിശദീകരിച്ചു. കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് തീരദേശ മേഖലകളിൽ സംഭവിക്കുന്ന മാറ്റങ്ങൾ, മത്സ്യസമ്പത്ത്, കക്കവർഗങ്ങൾ, പരമ്പരാഗത ജീവനോപാധികൾ, കൂടുമത്സ്യകൃഷി, കാലാവസ്ഥാ വ്യതിയാനം, മലിനീകരണം തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടന്നു.

സ്വച്ഛത കാമ്പയിനിന്റെ ഭാഗമായി കായലോരങ്ങളിൽ കുന്ന് കൂടിയ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം ശേഖരിച്ച് പരിസരം ശുചിയാക്കി. പ്ലാസ്റ്റിക് മാലിന്യങ്ങൾ മീനുകൾ ഉൾപ്പെടെയുള്ള ജീവജാലങ്ങൾക്ക് ഭീഷണിയാകുന്നതിനെ കുറിച്ച് സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർ വിശദീകരിച്ചു.കടമക്കുടി പൊക്കാളി കൃഷിയിടത്തിൽ യാത്ര സംഘവുമായി ടോണി ചമ്മണി എം എൽ എ, പഞ്ചായത്ത് പ്രസിഡണ്ട് എം എസ് ആന്റണി എന്നിവർ സംവദിച്ചു.കായൽ തണ്ണീർതട സംരക്ഷണം ഉറപ്പാക്കാൻ ജന പങ്കാളിത്തം അനിവാര്യമാണെന്നതിനാലാണ് ഇത്തരം ജനകീയ ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുന്നതെന്ന് സിഎംഎഫ്ആർഐ ഡയരക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.


മറൈൻ ഡ്രൈവിൽ യാത്ര സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് ഫ്ളാഗ് ഓഫ് ചെയ്യുന്നു

# സൗഹൃദ മത്സരം: ചിലിയെ തകർത്ത് യുഎസ്എ

വാഷിംഗ്ടൺ: അന്താരാഷ്ട്ര സൗഹൃദ ഫുട്ബോൾ മത്സരത്തിൽ ചിലിയെ തകർത്ത് യുഎസ്എ. ചൊവ്വാഴ്ച നടന്ന മത്സരത്തിൽ രണ്ടിനെതിരെ നാല് ഗോളുകൾക്കാണ് യുഎസ്എ വിജയിച്ചത്.

സെബാസ്റ്റ്യൻ ബെർഹാൾട്ടർ, ജൂലിയൻ ഹാൾ, ക്രിസ് റിച്ചാർഡ്സ്, മാതിസ് ആൽബർട്ട് എന്നിരാണ് യുഎസ്എയ്ക്ക് വേണ്ടി ഗോളുകൾ നേടിയത്. ഡിയഗോ ഉല്ലോവയും മാക്സിമിലാനോ ഗുട്ടെരസുമാണ് ചിലിക്ക് വേണ്ടി ഗോളുകൾ സ്കോർ ചെയ്തത്.

# സ്ട്രെസ് താങ്ങാൻ പറ്റുന്നയാളല്ല മന്ത്രി; ഒ. ജെ. ജനീഷിനെ പരിഹസിച്ച് ചിന്ത ജെറോം

തിരുവനന്തപുരം: യൂത്ത് കോൺഗ്രസ് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായ്ക്കെതിരെ നടത്തിയ കരിങ്കൊടി പ്രതിഷേധത്തിൽ ഒ. ജെ. ജനീഷിനെ പരിഹസിച്ച് ഡിവൈഎഫ്ഐ സംസ്ഥാന അധ്യക്ഷ ചിന്ത ജെറോം. സ്വന്തം പ്രവർത്തകർ നടത്തിയ പ്രതിഷേധം പോസ്റ്റ് ചെയ്യാനുള്ള ധൈര്യം പോലും യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡൻറിനില്ലെന്ന് ചിന്ത ജെറോം പറഞ്ഞു. പോസ്റ്റിട്ടത് യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡൻറ് എന്ന നിലയിലും ഡിലീറ്റ് ചെയ്തത് മന്ത്രിയെന്ന നിലയിലുമെന്നാണ് അദ്ദേഹം പറഞ്ഞത്. സ്ട്രെസ് താങ്ങാൻ പറ്റുന്നയാളല്ല മന്ത്രിയെന്നും അതുകൊണ്ടാകും പോസ്റ്റ് ഡിലീറ്റ് ചെയ്തതെന്നും ചിന്ത ജെറോം പരിഹസിച്ചു. മന്ത്രി ജനീഷിനെ മുഖ്യമന്ത്രി വി. ഡി. സതീശൻ വിളിച്ച് സ്ട്രെസ് കൊടുത്ത് കാണും. ഡിലീറ്റ് ചെയ്തില്ലെങ്കിൽ മെറ്റയെ ഉപയോഗിച്ച് മന്ത്രിയുടെ പോസ്റ്റ് ഡിലീറ്റ് ചെയ്യുമായിരുന്നുവെന്നും ചിന്ത ജെറോം വിമർശിച്ചു.

